**QP CODE**
**B2074**

**Enrollment Number: ………………**

**Name: ………………………………**

# MA DEGREE EXAMINATIONS, APRIL 2025
## First Semester
## M.A. Malayalam Language and Literature
## M21ML01AC- വിവർത്തനപരിചയം, മലയാളം കംപ്യൂട്ടിങ്
## (2024 July admissions)

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. വിവർത്തനം എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്ന പദങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.
2. വിവർത്തനത്തിന്റെ പ്രാചീന ചരിത്രം ബൈബിളുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
3. യന്ത്രവിവർത്തനം എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
4. പണ്ഡിതപരിതോഷവാദം എന്നാലെന്ത്?
5. സ്പീച്ച് ടു സ്പീച്ച് ട്രാൻസുലേഷൻ - കുറിപ്പ് തയ്യാറാക്കുക.
6. ഇൻസ്ക്രിപ്റ്റ് കീ ബോർഡിന്റെ സവിശേഷതകൾ വിവരിക്കുക.
7. ഫോണ്ട് ( Font ) എന്നാലെന്ത്? മലയാളത്തിലെ നോൺയൂണിക്കോഡ് ഫോണ്ടുകളെ പരിചയപ്പെടുത്തുക.
8. ആണവചില്ലുകൾ എന്ന പേരിൽ അറിയപ്പെടുന്നതെന്ത്?

**(2X5=10)**

### സെക്ഷൻ ബി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. മലയാളം ടൈപ്പിംഗിൽ പ്രയോഗിക പരിശീലനം നേടാനുതകുന്ന ഇലക്ട്രോണിക് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഏതെങ്കിലും രണ്ട് നിവേശകരീതികളെ പരിചയപ്പെടുത്തുക.

10. മലയാളംകമ്പ്യൂട്ടിംഗ് മേഖലയിൽ എസ്. എം. സി. നല്കിയ സംഭാവനകൾ വിവരിക്കുക
11. യൂണിക്കോഡ് ഫോണ്ടുകളുടെ വരവിലൂടെ കമ്പ്യൂട്ടർ വ്യവഹാരമേഖലയിൽ മലയാള ഭാഷയ്ക്കുണ്ടായ നേട്ടങ്ങൾ അടയാളപ്പെടുത്തുക.
12. രൂപതുല്യതയും ചലനാത്മകതുല്യതയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?
13. മലയാളം ടൈപ്പിംഗിൽ ടൈപ്പിറ്റ് എന്ന മലയാളം ടെക്സ്റ്റ് എഡിറ്ററിന്റെ സാധ്യതകൾ വിവരിക്കുക.
14. കവിതാവിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം?
15. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട രണ്ട് ലാറ്റിനമേരിക്കൻ നോവലുകളെ പരിചയപ്പെടുത്തുക.
16. തത്സമയവിവർത്തനം സാധ്യമാകേണ്ട മാധ്യമമേഖലയിൽ വിവർത്തകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം?
17. ഫ്രഞ്ച് പണ്ഡിതനായ ഏറ്റിയൻ ഡോലെയുടെ വിവർത്തന സംബന്ധമായ പഞ്ചതത്വങ്ങൾ ഏവ? വിശദീകരിക്കുക.
18. കുമാരാനാശാന്റെ സങ്കീർത്തനം എന്ന കവിതയും സുഗതകുമാരിയുടെ പരിഭാഷയും താരതമ്യം ചെയ്ത് വിവർത്തനത്തിന്റെ ഗുണദോഷങ്ങൾ വിശകലനം ചെയ്യുക?

ചന്തമേറിയപൂവിലും
ശബളാഭമാംശലഭത്തിലും
സന്തതംകരതാരിയന്നൊരു
ചിത്രചാതുരികാട്ടിയും
ഹന്ത!ചാരുകടാക്ഷമാലകളർക്ക -
രശ്മിയിൽനീട്ടിയും
ചിന്തയാംമണിമന്ദിരത്തിൽ
വിളങ്ങുമീശനെവാഴ്ത്തുവിൻ

(കുമാരാശാൻ)

Praise be to the Lord
The Skill of whose hand
Shows itself in the lovely flower
And the colorful wings of the butterfly
Whose glances extend
Down the rays of the sun
And whose dwelling is
In the mind of man.

(സുഗതകുമാരിയുടെപരിഭാഷ)

**(5X6=30)**

**QP CODE**
**B2054**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം**

19. മലയാളം കമ്പ്യൂട്ടിംഗിന്റെ വിവിധഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക.
20. മലയാളഭാഷാകമ്പ്യൂട്ടിംഗിൽ ഉയർന്ന സംഭാവനകൾ നല്കിയ സംരംഭങ്ങളെക്കുറിച്ച് വിവരിക്കുക.
21. മലയാളത്തെ സംബന്ധിച്ച് വിവർത്തനത്തിന്റെ പലവിധ സ്വാധീനങ്ങളാണ് നമ്മുടെ സാഹിത്യ സമ്പൽസമൃദ്ധിക്കു കാരണമെന്ന് പറയാം -മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട വിവിധഭാഷാകൃതികളെ മുൻനിർത്തി ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.
22. വിവർത്തനവിഷയത്തിൽ സർഗ്ഗാത്മകകൃതികളെപ്പോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ശാസ്ത്രകൃതികളുടെ വിവർത്തനം സമർത്ഥിക്കുക.

**(15X2=30)**